പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7539 | 14.07.2014- ൽ മറുപടിക്ക്

## മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ

ചോദ്യം
ശ്രീ. ആർ.രാജേഷ്

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സാമൂഹ്യക്ഷേമ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ സംയോജിത ശിശു വികസന പദ്ധതിയുടെ കീഴിൽ അംഗനവാടികൾക്ക് കെട്ടിടനിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, വൈദ്യുതികരണം, ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം, പ്രീ സ്കൂൾ കിറ്റ് വിതരണം, മെഡിസിൻ കിറ്റ് വിതരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം അങ്കണവാടിയിലെ ഗുണഭോക്താക്കളായ കുട്ടികൾക്കും, പാലൂട്ടുന്ന അമ്മമാർ, ഗർഭിണികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് പോഷകാഹാര വിതരണം, തൊഴിൽ പരിശീലനം, ആരോഗ്യപരിശോധന – പോഷണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം മാവേലിക്കര മണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ വകുപ്പിന്റെ കീഴിലുള്ള വികലാംഗക്ഷേമ കോർപ്പറേഷൻ, മുച്ചക്ര വാഹനം വാങ്ങുന്നതിനുള്ള ധനസഹായം, സൗജന്യ സഹായ ഉപകരണ വിതരണം, സ്വയം തൊഴിലിനായുള്ള വിവിധ വായ്പാ പദ്ധതികൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഇതോടൊപ്പം കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വിതരണം ചെയ്യുന്ന വിവിധ പദ്ധതികളിലെ ഗുണഭോക്താക്കൾക്കുള്ള ധനസഹായ വിതരണവും നൽകി വരുന്നുണ്ട്. |
| (ബി) | 2014-15 ൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | നടപ്പു സാമ്പത്തിക വർഷത്തിലും ഈ ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നത് തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ